**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 268 **02.03.2020 - ൽ മറുപടിയ്ക്ക്**

**വയോജന ക്ഷേമ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എം.മുകേഷ്. | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ എന്തെല്ലാ-മാണെന്ന് വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രമേഹ രോഗബാധിതരായ മുതിർന്ന പൗരന്മാർക്കായി വയോമധുരം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്.<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കൃത്യമായും പതിവായും നിരീക്ഷിയ്ക്കുന്നതിന് ഗ്ലൂക്കോമീറ്റർ സൗജന്യമായി നൽകുന്നു. |
| (സി) | ഈ പദ്ധതി പ്രകാരം പ്രമേഹരോഗികളായ വയോജന-ങ്ങൾക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തി-യിട്ടുള്ളതെന്ന് അറിയിക്കാമോ; | | |
| (ഡി) | പ്രമേഹം പോലുള്ള ജീവിത ശൈലീ രോഗങ്ങൾ സംബന്ധിച്ച് മുതിർന്ന പൗരന്മാർക്കായി എന്തെല്ലാം ബോധവൽക്കരണ പ്രവർത്തന-ങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഗ്ലൂക്കോമീറ്റർ വിതരണത്തോട-നുബന്ധിച്ച് ജില്ലാ തലത്തിൽ വയോജനങ്ങൾക്ക് പ്രമേഹ രോഗത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു ഉതകുന്ന മാർഗ്ഗങ്ങൾ സംബന്ധിച്ച് ബോധവൽക്കരണവും ഗ്ലൂക്കോമീറ്റർ ഉപയോഗിക്കേണ്ട വിധത്തെ കുറിച്ച് അറിവും നൽകുന്നുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിയിലുൾപ്പെടുത്തി |

| | | | |
|---|---|---|---|
| | | | പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ പോലുള്ള ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ ക്ലാസ്സുകൾ മുഖേന വയോമിത്രം ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. പ്രമേഹദിനം, അൾസിമേഴ്സ് ദിനം പോലുള്ള പ്രധാനപ്പെട്ട ദിനങ്ങളിൽ ഇതു സംബന്ധിച്ച സെമിനാറുകൾ, ക്ലാസ്സുകൾ തുടങ്ങിയവ വയോമിത്രം യൂണിറ്റ് തലത്തിൽ സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**